ആറ് വന്ദേഭാരതും ആദ്യ വന്ദേ മെട്രോയും രാഷ്ട്രത്തിനു സമർപ്പിച്ചു

കൊല്ലം: പുതുതായി ആരംഭിച്ച ആറ് വന്ദേഭാരത് എക്സ് പ്രസ് ട്രെയിനുകളും ആദ്യ വന്ദേ മെട്രോ ട്രെയിനും പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിനു സമർപ്പിച്ചു. ടാറ്റാ നഗർ- പട്ന, ബ്രഹ്മപൂർ- ടാറ്റാനഗർ, റൂർക്കേല- ഹൗറ, ദിയോഘർ- വാരാണസി, ഭഗൽപുർ- ഹൗറ, ഗയ- ഹൗറ എന്നീ റൂട്ടുകളിലെ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് ഞായറാഴ്ച പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തത്. ഇതു കൂടാതെ 600 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു. ജാർഖണ്ഡിലെ ടാറ്റാ നഗർ റെയിൽവേ സ്റ്റേഷനിലായിരുന്നു ഉദ്ഘാടന ചടങ്ങുകൾ.അഹമ്മദാബാദ് ഭുജ് റൂട്ടിൽ ആരംഭിച്ച ആദ്യ വന്ദേ മെട്രോ ട്രെയിൻ ഇന്നലെയാണ് ഗുജറാത്തിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്.

വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികൾ നാഗ്പൂർ-സെക്കന്തരാബാദ് വന്ദേ എക്സ്പ്രസിനുള്ളിൽ

പൂർണമായും ശീതീകരിച്ചതാണ് വന്ദേ മെട്രോയുടെ കോച്ചുകൾ. റിസർവേഷൻ സൗകര്യമില്ല. പുറപ്പെടുന്നതിനു തൊട്ടു മുമ്പു വരെ സ്റ്റേഷനുകളിൽ നിന്ന് ടിക്കറ്റ് ലഭിക്കും. 1150 യാത്രക്കാർക്ക് ഇരുന്നും 2058 പേർക്ക് നിന്നും യാത്ര ചെയ്യാനുള്ള സൗകര്യം ഈ വന്ദേ മെട്രോയിൽ ഉണ്ട്. അഞ്ച് മണിക്കൂർ 45 മിനിട്ടാണ് യാത്രാസമയം.

ജനശതാബ്ദിയും ചുവപ്പണിയുന്നു

കൊല്ലം: കേരളത്തിൽ സർവീസ് നടത്തുന്ന ജനശതാബ്ദി എക്സ്പ്രസ് ട്രെയിനുകളിൽ ഘട്ടം ഘട്ടമായി എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തുന്നു. തിരുവനന്തപുരം -കണ്ണൂർ ജനശതാബ്ദിയിൽ 29 മുതലും കണ്ണൂർ തിരുവനന്തപുരം സർവീസിൽ 30 മുതലും ഇത് പ്രാബല്യത്തിൽ വരും. 21 എൽഎച്ച്ബി കോച്ചുകളാണ് ഉണ്ടാകുക. സ്റ്റോപ്പുകളുടെ എണ്ണത്തിലും വണ്ടിയുടെ സമയക്രമത്തിലും മാറ്റമൊന്നുമില്ലെന്ന് ദക്ഷിണ റെയിൽവേ അധികൃതർ അറിയിച്ചു.

വാഹനത്തിന്റെ ഇഷ്ടനമ്പറിനായി തിരുവല്ല സ്വദേശി മുടക്കിയത് 7.85 ലക്ഷം രൂപ

7777 ഇനി നിരഞ്ജനയ്ക്ക് സ്വന്തം

തിരുവല്ല: വാഹനപ്രേമികൾ സ്വന്തമാക്കണമെന്ന് ആഗ്രഹിക്കുന്ന 7777 ഫാൻസി നമ്പർ 7.85 ലക്ഷം രൂപയ്ക്ക് സ്വന്തമാക്കി തിരുവല്ല സ്വദേശിയും നടുവത്ര ട്രേഡേഴ്സ് ഡയറക്ടറുമായ അഡ്വ. നിരഞ്ജന നടുവത്ര. തന്റെ ലാൻഡ്റോവർ ഡിഫെൻഡർ എച്ച്എസ്ഇയ്ക്കു വേണ്ടിയാണ് കെഎൽ 27 എം 7777 എന്ന നമ്പർ യുവ സംരംഭക കൂടിയായ നിരഞ്ജന ലേലത്തിലൂടെ നേടിയത്. തിരുവല്ല ആർടിഒയ്ക്ക് കീഴിലായിരുന്നു വാശിയേറിയ ലേലം അരങ്ങേറിയത്. കേരളത്തിൽ നടന്ന ഫാൻസി നമ്പർ ലേലത്തിലെ ഏറ്റവും ഉയർന്ന തുകകളിലൊന്നാണിത്. മുമ്പ് കൊച്ചിയിൽ രജിസ്റ്റർ ചെയ്ത വാഹനത്തിന് ഇഷ്ട നമ്പർ ലഭിക്കാൻ നടനും സംവിധായകനുമായ പൃഥ്വിരാജ് മുടക്കിയത് ഏഴര ലക്ഷമായിരുന്നു.

ഇഷ്ടനമ്പറായ 7777 ലേലത്തിലൂടെ സ്വന്തമാക്കിയതോടെ പൃഥ്വിരാജിനെ പിന്തള്ളിയിരിക്കുകയാണ് നിരഞ്ജന. 1.78 കോടി രൂപയ്ക്കാണ് ഗ്രേ കളർ ലാൻഡ്റോവർ ഡിഫെൻഡർ എച്ച്എസ്ഇ കാർ വാങ്ങിയത്. ദേശീയപാത നിർമാണ പ്രവർത്തനത്തിന് ഉൾപ്പെടെ മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കമ്പനിയാണ് നടുവത്ര ട്രേഡേഴ്സ്. നടുവത്ര വീട്ടിൽ അനിൽകുമാർ - സാജി ഭായ് ദമ്പതികളുടെ മകളായ നിരഞ്ജന എർത്തെക്സ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ കൂടിയാണ്. ക്വാറി, ക്രഷർ തുടങ്ങിയ അനുബന്ധ മേഖലകളിലാണ് നിരഞ്ജനയുടെ ബിസിനസ്. ഇഷ്ട നമ്പർ സ്വന്തമാക്കണമെന്നത് വലിയ ആഗ്രഹമായിരുന്നുവെന്നും ഇത്തരം ലേലത്തിലൂടെ സർക്കാരിന് ലഭിക്കുന്ന തുക വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനാകുമെന്നും നിരഞ്ജന പറഞ്ഞു.

രാഹുലിന്റെ നാവ് പിഴുതെടുക്കുന്നവർക്ക് 11 ലക്ഷം കൊടുക്കുമെന്ന് ഷിൻഡെ പക്ഷ എംഎൽഎ

മുംബൈ: രാജ്യത്തെ സംവരണ നിയമത്തെക്കുറിച്ചു പറഞ്ഞ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ നാവ് പിഴുതെടുക്കുന്നവർക്ക് 11 ലക്ഷം രൂപ കൊടുക്കുമെന്ന് ശിവസേന(ഷിൻഡെ) എംഎൽഎ സഞ്ജയ് ഗെയ്ക്വാദ്. എന്നാൽ, പ്രസ്താവനയോട് യോജിക്കുന്നില്ലെന്ന് മഹാരാഷ്ട്ര ബിജെപി അധ്യക്ഷൻ ചന്ദ്രശേഖർ ബവൻകുളെ പ്രതികരിച്ചു. രാഹുൽ വിദേശത്തു വച്ച് നമ്മുടെ രാജ്യത്തെ സംവരണസംവിധാനം അവസാനിപ്പിക്കുമെന്നു പ്രസംഗിച്ചുവെന്നും ഇത് കോൺഗ്രസിന്റെ യഥാർഥ മുഖം വെളിവാക്കുന്നതാണെന്നു ഗെയ്ക്വാദ് കുറ്റപ്പെടുത്തി. വിദർഭ മേഖലയിലെ ബുൽഡാന മണ്ഡലത്തിൽനിന്നുള്ള നിയമസഭാംഗമാണ് സഞ്ജയ് ഗെയ്ക്വാദ്. കഴിഞ്ഞമാസം പോലീസ് ഉദ്യോഗസ്ഥൻ ഗെയ്ക്വാദിന്റെ കാർ കഴുകുന്ന ദൃശ്യം സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. കാറിനുള്ളിൽ ഛർദ്ദിച്ചതിനു പിന്നാലെ കാർ കഴുകുകയായിരുന്നുവെന്നാണ് ഗെയ്ക്വാദ് അന്ന് പ്രതികരിച്ചത്. 1987ൽ താനൊരു കടുവയെ വേട്ടയാടിയെന്നും അതിന്റെ പല്ലാണ് കഴുത്തിൽ ധരിച്ചിരിക്കുന്നതെന്നും കഴിഞ്ഞ ഫെബ്രുവരിയിൽ ഗെയ്ക്വാദ് പറഞ്ഞിരുന്നു. ഫോറൻസിക് റിപ്പോർട്ടിൽ, പല്ല് കടുവയുടേതാണെന്നു സ്ഥിരീകരിക്കുകയും ഗെയ്ക്വാദിനെതിരേ വന്യജീവി സംരക്ഷണ നിയമപ്രകാരം കേസെടുക്കുകയും ചെയ്തിരുന്നു.

അൻവർ കടലാസ് പുലി; കുരയ്ക്കും പക്ഷേ കടിക്കില്ല: എറണാകുളം ഡിസിസി പ്രസിഡന്റ്

കൊച്ചി: നാവിന് എല്ലില്ലാത്തതിനാലാണു പി.വി. അൻവർ ഓരോ ദിവസവും തെളിവുകളില്ലാതെ വെളിവുകേട് പറയുന്നതെന്ന് എറണാകുളം ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്. അൻവർ കടലാസ് പുലിയാണ്. കടിക്കില്ല, കുരയ്ക്കുകയേയുള്ളുവെന്നും ഷിയാസ് പരിഹസിച്ചു.

അൻവറിന്റെ വിരട്ടലും വിലപേശലും സിപിഎമ്മിൽ മതി, കോൺഗ്രസിനോടു വേണ്ട. മുഖ്യമന്ത്രിക്കെതിരേയും എഡിജിപി എം.ആർ. അജിത്കുമാറിനെതിരെയും പ്രതിപക്ഷ നേതാവിനെതിരേയും രാഷ്ട്രീയ നിരീക്ഷകൻ അഡ്വ. എ. ജയശങ്കറിനെതിരേയും തനിക്കെതിരേയുമെല്ലാം ഓരോരോ തരത്തിലുള്ള ആരോപണങ്ങൾ അദ്ദേഹം നടത്തിയിരിക്കുന്നു. ദിനംപ്രതി പുതിയ വെളിപ്പെടുത്തലുകളാണ്. സിപിഎമ്മോ ഇടതുമുന്നണിയോ സർക്കാരോ അൻവറിന്റെ വെളിപ്പെടുത്തലുകൾക്കു യാതൊരു വിലയും നൽകുന്നില്ല. ആരും പരിഗണിക്കാതെ വരുമ്പോഴാണ് പുതിയ വെളിപ്പെടുത്തലുകളുമായും അധിക്ഷേപങ്ങളുമായും തന്നെ വിമർശിക്കുന്നവർക്കെതിരേയും കടന്നുവരുന്നത്. രാജ്യത്തെല്ലാവരും ബഹുമാനിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന നേതാവായ രാഹുൽ ഗാന്ധിക്കെതിരേ പോലും അങ്ങേയറ്റം അധിക്ഷേപകരമായ പരാമർശം അദ്ദേഹം നടത്തിയിട്ടുണ്ട്.

വണ്ടിച്ചെക്ക് കേസുകളിലും സർക്കാർ ഭൂമി കൈയേറിയ കേസിലും പ്രതിസ്ഥാനത്തുള്ള അൻവർ ഒരു തികഞ്ഞ തട്ടിപ്പുകാരനാണ്. പ്രകൃതിയെ ചൂഷണം ചെയ്തതിനു പോലും അദ്ദേഹത്തിനെതിരേ കേസുണ്ട്. പൊതുജനങ്ങളെ കബളിപ്പിക്കാൻ നടത്തുന്ന നിരന്തരമായ അധിക്ഷേപങ്ങൾ കൊണ്ട് മുഖ്യമന്ത്രിയെ വിരട്ടുന്നത് പോലെ കോൺഗ്രസ് നേതാക്കളെ വിരട്ടാമെന്ന് അൻവർ കരുതേണ്ട. പി. വി. അൻവറിന്റെ വെളിപ്പെടുത്തലുകൾക്ക് പിന്നാലെയല്ല, കോൺഗ്രസ് സമരവുമായി രംഗത്തെത്തിയത്. അൻവറിന് മുൻപേ മുഖ്യമന്ത്രിക്കെതിരേയും പോലീസിലെ ക്രിമിനലുകൾക്കെതിരേയും ആർഎസ്എസ് ബന്ധത്തിലും കോൺഗ്രസ് ശക്തമായ പ്രതിഷേധം ഉയർത്തിയിരുന്നു.

അത്തരം പ്രതിഷേധങ്ങൾക്ക് അൻവറിന്റെ വക്കാലത്ത് കോൺഗ്രസിന് ആവശ്യമില്ല. അദ്ദേഹത്തിന്റെ സോഷ്യൽ മീഡിയ പോസ്റ്റുകൾക്കു മറുപടി പറയേണ്ട ഉത്തരവാദിത്വം കോൺഗ്രസിനില്ല. ഈ തട്ടിപ്പുകാരനെ തിരിച്ചറിഞ്ഞ് തികഞ്ഞ അവജ്ഞയോടെ കേരളീയ സമൂഹം തള്ളിക്കളയുമെന്നും മുഹമ്മദ് ഷിയാസ് പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനത്തിൽ കാർഷിക നഷ്ടം 500 കോടി കവിഞ്ഞു

റെജി ജോസഫ്

കോട്ടയം: കഠിനവേനലും അതിതീവ്രമഴയും കാലാവസ്ഥ തകിടം മറിച്ച ഇക്കൊല്ലം കൃഷിനാശനഷ്ടം 500 കോടി കവിഞ്ഞു. കാലാവസ്ഥാ വ്യതിയാനം കർഷകരെ ഏറ്റവും ബാധിച്ചതും ഇക്കൊല്ലമാണ്. വരൾച്ചയിൽ മാത്രം 304.11 കോടിയുടെ കൃഷിനാശമുണ്ടായി. ജൂൺ മുതൽ കഴിഞ്ഞ മാസം വരെ കാലവർഷത്തിൽ 200 കോടിയുടെ നാശനഷ്ടം.

ഫെബ്രുവരി മുതൽ മേയ് വരെ നീണ്ട വരൾച്ചയും ഉഷ്ണതരംഗവും മണ്ണിന്റെ ചൂടും വിളനാശത്തിന് കാരണമായി. ഇതേ സീസണിൽ അന്തരീക്ഷ താപനില മൂന്നു ഡിഗ്രി സെൽഷ്യസ് വർധിച്ചു. മണ്ണിലെ സൂക്ഷ്മജീവികളുടെ നാശം വരുംവർഷങ്ങളിലും കാർഷിക ഉത്പാദനത്തിൽ ഗണ്യമായ കുറവുവരുത്തും. റബർ, ഏലം, കാപ്പി, കുരുമുളകം, ജാതി ഉത്പാദനത്തിൽ പത്തു ശതമാനം വരെ ഇടിവുണ്ടാകും.

ക്ഷീരമേഖല, മത്സ്യബന്ധനം, കോഴിവളർത്തൽ എന്നിവയിൽ 250 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. താപനിലയിലെ തോത് വർധനയനുസരിച്ച് 40 വർഷത്തിനിടയിലെ ഏറ്റവും രൂക്ഷമായ വരൾച്ചയാണ് ഇക്കൊല്ലമുണ്ടായത്.

നൂറു ദിവസം ശരാശരി താപനില 36 ഡിഗ്രിക്കുമുകളിലായിരുന്നു. പാലക്കാട്, കൊല്ലം, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ താപനില 40 ഡിഗ്രി കടന്നു. ഇടുക്കി, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ വേനൽ നാശനഷ്ടം. ഇടുക്കി ജില്ലയിൽ 33,722 ഹെക്ടർ വിളകൾക്ക് നാശം സംഭവിച്ചു. ഇവിടെ നഷ്ടം 175 കോടി.

പാലക്കാടാണ് രണ്ടാമത്- 46.47 കോടി. മലപ്പുറം- 10.54 കോടി. കൃഷി നാശം ഏറ്റവും കുറവ് എറണാകുളത്ത് -95.45 ലക്ഷം. ഇടുക്കിയിൽ അടുത്ത സീസണിൽ ഏലം ഉൽപ്പാദനം 60 ശതമാനം കുറഞ്ഞേക്കും.

സംസ്ഥാനത്ത് 47,367 കർഷകർക്കാണ് കൃഷിനാശമുണ്ടായത്. ഏലം, നെല്ല്, വാഴ, പച്ചക്കറി, കുരുമുളക്, കാപ്പി, കൊക്കോ തുടങ്ങിയ പ്രധാന വിളകൾക്കെല്ലാം വൻനാശമുണ്ടായി. വേനൽ നെല്ല് ഉത്പാദനക്ഷമതയിലും കുറവു വരുത്തി. ഹെക്ടറിൽ 500 കിലോ മുതൽ 1000 കിലോ വരെയാണ് നെല്ല് ഉത്പാദനത്തിലെ കുറവ്.

പാലക്കാട് ജില്ലയിൽ 3,186.02 ഹെക്ടറിലെ വിളകൾ നശിച്ചു. വയനാട്ടിൽ 419.5 ഹെക്ടർ സ്ഥലത്തെ കുരുമുളക് ചെടികളും 208.3 ഹെക്ടറിലെ കാപ്പി ഉണങ്ങി. വരൾച്ച വയനാട്ടിൽ ആകെ 960.84 ഹെക്ടറിലെ വിളകളെ ബാധിച്ചു. ആലപ്പുഴയിൽ നെൽകൃഷിക്കു മാത്രം 155.5 കോടിയുടെ നഷ്ടമുണ്ടായി.

കർണാടകയിൽ ആരാധനാലയത്തിനു നേർക്ക് കല്ലേറ്, ആറു പേർ അറസ്റ്റിൽ

മംഗളൂരു: സോഷ്യൽ മീഡിയയിലൂടെ ഇരു മതവിഭാഗങ്ങൾ ചേരിതിരിഞ്ഞ് കലാപാഹ്വാനം നടത്തിയതിനു പിന്നാലെ ഞായറാഴ്ച കതിപല്ല ടൗണിലെ ആരാധനാലയത്തിനു നേർക്കുണ്ടായ കല്ലേറുമായി ബന്ധപ്പെട്ട് ആറു പേരെ പോലീസ് അറസ്റ്റ് ചെയ്തു.

കല്ലേറിൽ ആരാധനാലയത്തിന്റെ ജനൽച്ചില്ലുകൾ തകർന്നിരുന്നു. ഇതേത്തുടർന്ന് ദക്ഷിണ കന്നഡ ജില്ലയിലെ കതിപല്ല ടൗണിലും ബന്ദ്വാൾ ക്രോസ് ദേശീയപാത 75ലും കൂടുതൽ പോലീസ് സേനയെ വിന്യസിച്ചു. ബന്ദ്വാൾ ടൗൺ മുനിസിപ്പൽ കൗൺസിൽ മുൻ അധ്യക്ഷൻ മുഹമ്മദ് ഷെരീഫിന്റെ പ്രകോപനപരമായ ശബ്ദസന്ദേശത്തിനു പിന്നാലെ ഇന്നലെ കതിപല്ലയിൽ ഈദ് ഇ മിലാദ് ഘോഷയാത്രയ്ക്കിടെ വിഎച്ച്പി-ബജ്രംഗ്ദൾ പ്രവർത്തകർ പ്രതികാരാഹ്വാനവുമായി തടിച്ചുകൂടിയതാണ് സംഘർഷാവസ്ഥ സൃഷ്ടിച്ചത്.

ജമ്മു കാഷ്മീരിൽ ആദ്യഘട്ടപ്രചാരണം സമാപിച്ചു

ശ്രീനഗർ: ജമ്മു കാഷ്മീരിലെ ആദ്യ ഘട്ടം തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിച്ചു. 24 മണ്ഡലങ്ങളിലേക്ക് ബുധനാഴ്ചയാണു വോട്ടെടുപ്പ് നടക്കുക. 219 സ്ഥാനാർഥികൾ ആദ്യ ഘട്ടത്തിൽ ജനവിധി തേടുന്നു. ബിജെപിയും നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യവും തമ്മിലാണു പ്രധാന മത്സരം. പിഡിപി, എഐപി തുടങ്ങിയ കക്ഷികളും രംഗത്തുണ്ട്.

വംശീയതയ്ക്കെതിരേ മികച്ച പിന്തുണ ലഭിക്കുന്നു: കേംബ്രിഡ്ജ് മേയർ ബൈജു വർക്കി

തിരുവനന്തപുരം: യുകെയിലെത്തി വൃദ്ധസദനങ്ങളിലും മറ്റും ജോലി ചെയ്യേണ്ടിവരുന്ന കേരളത്തിലെ നിരവധി യുവജനങ്ങളുണ്ടെന്നു മലയാളിയായ കേംബ്രിഡ്ജ് മേയർ ബൈജു വർക്കി തിട്ടാല. വേണ്ടത്ര പരിശോധനയില്ലാതെയാണു പലരും യൂറോപ്യൻ രാജ്യങ്ങളിലെത്തി ഇത്തരം ജോലിയിൽ പ്രവേശിക്കുന്നത്. ഇതിലൊരു മാറ്റം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം പ്രസ് ക്ലബ് സംഘടിപ്പിച്ച മീറ്റ് ദ പ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു ബൈജു വർക്കി.

ഉന്നത വിദ്യാഭ്യാസം നേടിയവർ പോലും യുകെയിലെത്തി കെയർ ഹോമുകളിൽ ജോലി ചെയ്യുകയും ജീവിതത്തിൽ ഉയർച്ചയില്ലാതായി പോകുന്നതുമായ നിരവധി സംഭവങ്ങൾ നടക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനാണെങ്കിലും ജോലിക്കാണെങ്കിലും വേണ്ടത്ര പരിശോധനകളില്ലാതെ പോകുന്നതാണ് ഇത്തരം തട്ടിപ്പുകൾ നടക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽ കുടിയേറ്റക്കാർക്കെതിരേ വംശീയമായും മറ്റുമുള്ള പ്രകോപനങ്ങളും അക്രമങ്ങളും നിലവിലുണ്ടെങ്കിലും അതിനെതിരേ ശക്തമായ നടപടികളാണ് ഭരണകൂടം സ്വീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കേംബ്രിഡ്ജിൽ 817 വർഷത്തിനു ശേഷമാണു വെള്ളക്കാരനല്ലാത്ത ഒരാൾ മേയറാകുന്നത്. വംശീയതയ്ക്കെതിരേയുള്ള നടപടികൾക്കു പൊതുസമൂഹത്തിൽ നിന്നു നല്ല പിന്തുണയാണ് ഇപ്പോൾ ലഭിക്കുന്നത്. അതിനെതിരേയുള്ള ബോധവത്കരണ പരിപാടികൾക്കും അവിടെയുള്ളവർ മുന്നിൽ നിൽക്കുന്നുണ്ടെന്നും ബൈജു തിട്ടാല പറഞ്ഞു. കോട്ടയം ആർപ്പൂക്കര തിട്ടാല പാപ്പച്ചൻ- ആലീസ് ദമ്പതികളുടെ മകനായ ബൈജു, കഴിഞ്ഞ മേയിലാണ് കേംബ്രിഡ്ജ് സിറ്റി കൗൺസിൽ മേയറായി ചുമതലയേറ്റത്. ഒരു വർഷത്തേക്കാണു കാലാവധി.

തിരുവനന്തപുരം പ്രസ് ക്ലബ് സംഘടിപ്പിച്ച മീറ്റ് ദ പ്രസ് പരിപാടിയിൽബൈജു വർക്കി

ബൈക്ക് മോഷണം; പ്രതി പിടിയിൽ

കൊച്ചി: യൂസ്ഡ് ബൈക്ക് ഷോറൂമിൽനിന്ന് ബൈക്ക് മോഷ്ടിച്ചയാൾ പിടിയിൽ. കണ്ണൂർ വിളമൺ പെരിങ്കേരി ക്യാപങ്കരി വീട്ടിൽ എം.എം. അസീസ് (30) ആണ് എറണാകുളം നോർത്ത് പോലീസിന്റെ പിടിയിലായത്. കഴിഞ്ഞ മാസം ഒമ്പതിനാണ് കലൂരിലെ റീ റൈഡ് എന്ന ഷോപ്പിൽ നിന്ന് 43000 രൂപ വില വരുന്ന യമഹ എഫ്സി ബൈക്ക് പ്രതി മോഷ്ടിച്ചത്. വൈകുന്നേരം അഞ്ചോടെ ഷോപ്പിലെത്തിയ പ്രതി ടെസ്റ്റ് ഡ്രൈവിനെന്ന വ്യാജേന എടുത്ത് കടത്തിക്കൊണ്ടുപോവുകയായിരുന്നു. സ്ഥാപന അധികൃതർ നോർത്ത് പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ കണ്ണൂർ ഇരിട്ടിയിൽ നിന്നാണ് പ്രതിയെ പിടികൂടിയത്.

കാഷ്മീരിലെ സ്ഥാനാർഥികളിൽ 40% സ്വതന്ത്രർ

ഭൂരിഭാഗം സ്വതന്ത്രരെയും സ്പോൺസർ ചെയ്തിരിക്കുന്നത് ബിജെപിയെന്ന് ആരോപണം

ശ്രീനഗർ: ജമ്മു കാഷ്മീരിലെ 908 സ്ഥാനാർഥികളിൽ 40 ശതമാനത്തിലേറെ പേർ സ്വതന്ത്രർ. ഇവരിൽ ഭൂരിഭാഗത്തെയും സ്പോൺസർ ചെയ്തിരിക്കുന്നതു ബിജെപിയാണെന്ന് പ്രതിപക്ഷകക്ഷികൾ ആരോപിച്ചു.

കാഷ്മീർ താഴ്വരയിലെ മണ്ഡലങ്ങളിൽ വോട്ട് ഭിന്നിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്വതന്ത്രരെ ബിജെപി രംഗത്തിറക്കിയിരിക്കുന്നതെന്ന് നാഷണൽ കോൺഫറൻസ്, കോൺഗ്രസ്, പിഡിപി പാർട്ടികൾ ആരോപിക്കുന്നു. ജമ്മു കാഷ്മീരിലെ 90 മണ്ഡലങ്ങളിലായി 365 സ്വതന്ത്രസ്ഥാനാർഥികളാണു രംഗത്തുള്ളത്. 208നുശേഷം ഏറ്റവുമധികം സ്വതന്ത്രർ മത്സരിക്കുന്നത് ഇത്തവണയാണ്. 2008ൽ 468 സ്വതന്ത്രരാണ് രംഗത്തുണ്ടായിരുന്നത്. 2008നുശേഷം ഏറ്റവുമധികം സ്ഥാനാർഥികളും ഇത്തവണയാണ്.

ഇത്തവണ ജമ്മു മേഖലയിലെ 43 സീറ്റുകളിൽ 367 സ്ഥാനാർഥികളും കാഷ്മീർ താഴ്വരയിലെ 47 സീറ്റുകളിൽ 541 സ്ഥാനാർഥികളും ജനവിധി തേടുന്നു. സോപോറിലാണ് ഏറ്റവുമധികം സ്വതന്ത്ര സ്ഥാനാർഥികളുള്ളത്-22. ഇവരിൽ 14 പേർ സ്വതന്ത്രരാണ്. പാർലമെന്റ് ആക്രമണക്കേസിൽ തൂക്കിലേറ്റിയ അഫ്സൽ ഗുരുവിന്റെ സഹോദരൻ അജാസ് ഗുരു സോപോറിൽ സ്വതന്ത്രസ്ഥാനാർഥിയായി മത്സരിക്കുന്നത്. ബന്ദിപോറയിലെ സോനാവാരി മണ്ഡലത്തിൽ 11 സ്വതന്ത്രരടക്കം 20 സ്ഥാനാർഥികളുണ്ട്. ജമാ അത്തെ ഇസ്ലാമിയുടെ ശക്തികേന്ദ്രമാണ് ഈ മണ്ഡലം.

ദീപിക ക്ലാസിഫൈഡ്സ്
for Online Classified Advertisments
visit.. www.deepikaclassifieds.com

വളവി & കമ്പനി

E2405-531277

വായനക്കാർ ശ്രദ്ധിക്കാൻ
ഈ വിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസന്ധിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്ന് വായനക്കാരോട് സവിനയം അഭ്യർഥിക്കുന്നു.

സ്വർണ്ണം

പണയസ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു
നിങ്ങളുടെ പഴയ സ്വർണം വിൽക്കുമ്പോൾ ഏറ്റവും ഉയർന്ന വില നൽകുന്നു
വിദേശപഠനം/ജോലി എന്നീ ആവശ്യങ്ങൾക്കായി സ്വർണം വിൽക്കുമ്പോൾ ബ്രാൻഡഡ് ട്രോളി ബാഗ് ഗിഫ്റ്റ് നല്കുന്നു
മധ്യകേരളത്തിൽ 22 ഷോറൂമുകൾ
19 വർഷത്തെ മികച്ച സേവന പാരമ്പര്യം
അച്ചായൻസ് ഗോൾഡ് 916
പാലാ, കോട്ടയം, ചിങ്ങവനം, കടുത്തുരുത്തി, ചേർത്തല, ഉഴവൂർ
90 72 388 172
90 72 388 173
K2408-539826

ഹോം നേഴ്സിംഗ്

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സസ് എന്നിവരെ ലഭിക്കുന്നതിന്. സെയിൽസ്മാൻ, സെയിൽസ്ഗേൾ, ഓഫീസ് സ്റ്റാഫ് എന്നീ ജോലിക്ക് (ശമ്പളം: 17000-45000). ബന്ധപ്പെടുക.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
Ph: 04862-255326, 9446813356, 9388810095
K2409-540549

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211 9746518466
K2409-540549

സെപ്റ്റിക് ടാങ്ക്

മേരിമാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
91 88 17 57 16
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും. പകലും വ്യത്തിയാക്കുന്നു.
85 89 09 94 82
K2408-539448

ടൂർസ് & ട്രാവൽസ്

M&G Holidays
വിദേശ യാത്രകൾ ഇനി കുറഞ്ഞ ചിലവിൽ
തായ്‌ലന്റ് 4 DAYS - 30 SEP Rs.44900/-
ബാലി 5 DAYS - 16 NOV Rs.69,900/-
ദുബായ് 5 DAYS - 14 JAN 25 Rs 81,900/-
അസർബൈജാൻ 5 DAYS - 26 OCT Rs.89,900/-
Mob: 79944 11999
www.mandgholidays.com
*T&C Apply
K2408-539021

വിദ്യാഭ്യാസം

STUDY B.Sc/ GNM/ P B.Sc/ NURSING in KARNATAKA
BSc FEES RS 8 LAKHS
GNM FEES RS 4 LAKHS
FEW SEATS LEFT HURRY
WHAT WE OFFER:
* NURSING COUNCIL APPROVED COLLEGE
* INCLUDING 4 YRS FEES, FOOD & HOSTEL
CONTACT US:
Rhema Study Abroad & Emigration Pvt Ltd
+91 95265 02526
+91 99469 68999
T2408-538684

നഷ്ടപ്പെട്ടു
എന്റെ 2019 മാർച്ചിലെ 308256 രജിസ്റ്റർ നമ്പരിലുള്ള SSLC ബുക്ക്, 2021 മാർച്ചിലെ 8104371 രജിസ്റ്റർ നമ്പരിലുള്ള +2 സർട്ടിഫിക്കറ്റ് എന്നിവ തിരികെ ലഭിക്കാനാവാത്തവിധം നഷ്ടപ്പെട്ടു. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്/ തിരുവനന്തപുരം ഹയർ സെക്കൻഡറി ബോർഡു